# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ്കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിലെ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം/ നിയമനം നൽകിയും ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. 31.12.2021 തീയതിയിലെ വിയ്യൂർ അതീവസുരക്ഷാ ജയിൽ സൂപ്രണ്ടിന്റെ E1-2366/2021/HSP എന്ന നമ്പർ ഉത്തരവ്
2. 04.12.2021 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള E6-16193/2021/PrHQ എന്ന നമ്പർ ഉത്തരവ്
3. 21.01.2022 തീയതിയിലെ ഇരിഞ്ഞാലക്കുട സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടിൻറെ E-20/2022/SSJI എന്ന നമ്പർ കത്ത്
4. 31.01.2022 തീയതിയിലെ തലശ്ശേരി സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടിൻറെ E-72/2022/SSJTLY എന്ന നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ. E5-22779/2019/PrHQ; തീയതി : 22-02-2022**

പരാമർശം (1) പ്രകാരം അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കും പരാമർശം (2), (3), (4) എന്നിവ പ്രകാരം ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കും സീനിയോറിറ്റി പ്രകാരം ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം നൽകി നിയമിച്ചും പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിലെ ഉദ്യോഗസ്ഥരെ ടിയാന്മാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു:-

1) 31.12.2021 നു വിയ്യൂർ അതീവസുരക്ഷാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് -II ആയിരുന്ന ശ്രീ. കെ.എ.ബാബു സർവീസിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത ജയിലിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് -II തസ്തികയിൽ ഒരൊഴിവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം കണ്ണൂർ ജില്ലാ ജയിലിലെ പ്രിസൺ ഓഫീസർ ശ്രീ.മുഹമ്മദ് ഹുസൈൻ.എസ് -ന് പ്രൊമോഷൻ നൽകി നിയമിക്കുന്നു.

2) തുടർന്ന് കണ്ണൂർ ജില്ലാ ജയിലിൽ ഉണ്ടാകുന്ന പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ജോലി ചെയ്തുവരുന്ന പ്രിസൺ ഓഫീസർ ശ്രീ. ദിനേശൻ.പി.കെ-യെ ടിയാന്റെ അപേക്ഷ പരിഗണിച്ച് സ്ഥലം മാറ്റി നിയമിക്കുന്നു.

3) തുടർന്ന് തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഉണ്ടാകുന്ന പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ ഗേറ്റ് കീപ്പർ ശ്രീ. സ്റ്റാലിൻ,എ-യെ പ്രിസൺ ഓഫീസറായി നിയമിക്കുന്നു.

4) തുടർന്ന് തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഉണ്ടാകുന്ന ഗേറ്റ് കീപ്പർ തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം മട്ടാഞ്ചേരി സബ് ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. പ്രദീപൻ.വി.ടി-യെ ഗേറ്റ് കീപ്പർ തസ്തികയിൽ നിയമനം നൽകുന്നു.

5) തുടർന്ന് മട്ടാഞ്ചേരി സബ് ജയിലിൽ ഉണ്ടാകുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം മൂവാറ്റുപുഴ സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ.സിംസൺ.പി.പി-യ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നു.

6) പരാമർശം (2) ലെ ഉത്തരവ് പ്രകാരം വൈത്തിരി സ്പെഷ്യൽ സബ് ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ആയിരുന്ന ശ്രീ.അരുൺ.ബി.ജി, ബൈ ട്രാൻസ്ഫർ വഴി അസിസ്റ്റൻറ് ഗ്രേഡ്-I ആയി നിയമിക്കപ്പെട്ടതിനാൽ വൈത്തിരി സ്പെഷ്യൽ സബ് ജയിലിൽ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിൽ ഒരൊഴിവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം വിയ്യൂർ സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ. സജീവ്.ടി.ജെ-യ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നു.

7) തുടർന്ന് വൈത്തിരി സ്പെഷ്യൽ സബ് ജയിലിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് വിയ്യൂർ സബ് ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. സുഭാഷ്.കെ-യെ ടിയാന്റെ അപേക്ഷ പരിഗണിച്ച് വൈത്തിരി സബ് ജയിലിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

8 ) തുടർന്ന് വിയ്യൂർ സബ് ജയിലിൽ ഉണ്ടാകുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ആയി പ്രമോഷൻ ലഭിച്ച ശ്രീ. സജീവ്.ടി.ജെ-ക്ക് നിയമനം നൽകുന്നു.

9 ) ഇരിഞ്ഞാലക്കുട സ്പെഷ്യൽ സബ് ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ആയിരുന്ന ശ്രീ.മനീഷ് 02.01.2022 തീയതിയിൽ മരണപ്പെട്ടതിനാൽ പ്രസ്തുത ജയിലിൽ ഉണ്ടായിട്ടുള്ള ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം പാലാ സബ് ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ.പ്രതീഷ്.പി.ഡി-യ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നു.

10) 31.01.2022 ൽ തലശ്ശേരി സ്പെഷ്യൽ സബ് ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ആയിരുന്ന ശ്രീ. മൊയ്ദു കല്ലിൽ വിരമിച്ചതിനാൽ ടി ജയിലിൽ ഉണ്ടായിട്ടുള്ള ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരം വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ.അജീഷ്.എ.സി -യ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നു.

ഉത്തരവ് സമയബന്ധിതമായി നടപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
(സൂപ്രണ്ട് മുഖേന)

പകർപ്പ് : 1.1. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ
2. ഡി.ഐ.ജി ഓഫ് പ്രിസൺസ് , ഉത്തര/ മധ്യ/ ദക്ഷിണ മേഖലകൾ
3. സി.എ.റ്റു ഡി.ജി.പി & സി.എസ് /ഡി.ഐ.ജി/സീനിയർ എ.ഓ/ പി.എ.റ്റു ഡി.ജി.പി & സി.എസ്/സീനിയർ സൂപ്രണ്ട് (E)/ വെബ് സൈറ്റ്/ഓഫീസ് കോപ്പി